I/74171/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി- നവീകരണം സാധ്യമല്ലാത്ത അങ്കണവാടികളെ ഒഴിവാക്കി പകരം അങ്കണവാടികളെ മാറ്റി അനുവദിച്ച നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഈ കാര്യാലയത്തിൽ നിന്നുള്ള 23/08/2022 ലെ ഇതേ നമ്പർ ഉത്തരവ്

2. ഈ കാര്യാലയത്തിൽ നിന്നുള്ള 22/11/2022 ലെ ഇതേ നമ്പർ ഉത്തരവ്.

3. 30/11/2022 ലെ കോട്ടയം പി.ഒ യുടെ POK/1419/22നമ്പർ കത്ത്

4. 29/11/2022 ലെ ആലപ്പുഴ പി.ഒ യുടെ E2/984/22 നമ്പർ കത്ത്

5. 29/11/2022 ലെ ആലപ്പുഴ പി.ഒ യുടെ E2/984/22 നമ്പർ കത്ത്

5. 30/11/2022 ലെ തൃശ്ശൂർ പി.ഒ യുടെ DICDSC/TSR/10020/22 നമ്പർ കത്ത്

6. 30/11/2022 ലെ മലപ്പുറം പി.ഒ യുടെ വ-1423/22 നമ്പർ കത്ത്

**ഉത്തരവ് നം. DWCD/1148/2022-ICDSB5 തീയതി: 31-12-2022**

2022-23 സാമ്പത്തിക വർഷം സ്വന്തമായി 3 സെന്റിൽ കൂടുതൽ സ്ഥലമുള്ളതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും നിലവിൽ ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മാണത്തിന് ഫണ്ട് ലഭ്യമാകാത്തതും പുതുതായി ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് സ്ഥല സൗകര്യമുള്ളതും പ്രോഗ്രാം ഓഫീസർമാർ ശുപാർശ ചെയ്തതുമായ 200 അങ്കണവാടികൾ ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി പരാമർശം (1) പ്രകാരം ഇതിനോടകം അനുമതി നൽകിയിരുന്നു.

അനുമതി നൽകിയ അങ്കണവാടികളിൽ ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് സാധ്യമല്ലാത്ത അങ്കണവാടികളുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിൽ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന മറ്റൊരു അങ്കണവാടിയെ കണ്ടെത്തി മാറ്റി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം നിർദേശം നൽകിയിരുന്നു. ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് സാധ്യമല്ലാത്ത അങ്കണവാടികൾക്ക് പകരം അനുയോജ്യമായ അങ്കണവാടികൾക്ക് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ മാറ്റി അനുവദിക്കുകയും ടി നടപടികൾക്ക് സാധൂകരണത്തിനായി പരാമർശം (3),(4),(5),(6) പ്രകാരം പ്രോഗ്രാം ഓഫീസർമാർ അഭ്യർഥിച്ചിരുന്നു .

പ്രസ്തുത സാഹചര്യത്തിൽ പ്രോഗ്രാം ഓഫീസർമാർ / ശിശു വികസന പദ്ധതി ഓഫീസർമാരുടെ അഭ്യർഥന പരിഗണിച്ച് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നതും നവീകരണം സാധ്യമല്ലാത്തതുമായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ അങ്കണവാടികളെ ഒഴിവാക്കി പകരം ചുവടെ ചേർത്തിരിക്കും പ്രകാരം മാറ്റി അനുവദിച്ച നടപടികൾക്ക് സാധൂകരണം നൽകി പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജില്ല | പ്രോജക്റ്റിന്റെ പേര് | അനുമതി നൽകിയിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | | പകരം അനുമതി നൽകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | |
|---|---|---|---|---|---|---|
| 1 | ആലപ്പുഴ | ഹരിപ്പാട് | കരുവാറ്റ | 51 | വീയപുരം | 145 |
| | | | | | | |

I/74171/2022

| | | | | | | |
|---|---|---|---|---|---|---|
| 2 | കോട്ടയം | ളാലം | കരൂർ | 48 | കരൂർ | 54 |
| 3 | തൃശ്ശൂർ | കൊടകര അഡീഷണൽ | കൊടകര | 8 | കൊടകര | 10 |
| 4 | തൃശ്ശൂർ | ചാലക്കുടി | കാട്ടുകറ്റി | 19 | കാട്ടുകറ്റി | 17 |
| 5 | മലപ്പുറം | അരീക്കോട് അഡീഷണൽ | കീഴാറ്റൂർ | 145 | കാവന്നൂർ | 138 |

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ പരാമർശം (1) ,(2) ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ ഭേദഗതികളോടെ പരാമർശം (1),(2) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

പ്രോഗ്രാം ഓഫീസർ,ആലപ്പുഴ,കോട്ടയം,തൃശ്ശൂർ,മലപ്പുറം

പകർപ്പ് :

1. ജില്ല വനിത ശിശുവികസന ഓഫീസർ,ആലപ്പുഴ,കോട്ടയം,തൃശ്ശൂർ,മലപ്പുറം
2. ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
3. സ്റ്റോക്ക് ഫയൽ ,സ്പെയർ

**Signed by Priyanka G**
**Date: 31-12-2022 19:20:02**